(ഇ) ജില്ലാ ആശുപത്രിയെ നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജുകൾ എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായാണ് ചെറുതോണിയിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്.

(എഫ്) ഇക്കാര്യം സംബന്ധിച്ച് ഇതുവരെ തീരുമാനമായിട്ടില്ല.

ആരോഗ്യകേരളം സാന്ത്വന പരിചരണ പദ്ധതി

78 (2353) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകേരളം സാന്ത്വന പരിചരണ പദ്ധതി പ്രകാരം നിയമിതരായ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ നിയമനം ആരംഭിച്ചത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ നിയമനം സ്ഥിരവേതനാടിസ്ഥാനത്തിലാക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.എച്ച്.എം. സാന്ത്വന പരിചരണ പദ്ധതി 2008-09-ലാണ് ആരംഭിച്ചത്. സെക്കന്ററിതല സാന്ത്വന പരിചരണത്തിന് നഴ്സിന്റെ നേതൃത്വത്തിലാണ് ഗൃഹകേന്ദ്രീകൃത രോഗീ പരിചരണം സാധ്യമാകുന്നത്. സാന്ത്വന പരിചരണ പദ്ധതി പ്രകാരം നിയമിതരായ നഴ്സുമാർക്ക് പ്രതിമാസം 13900 രൂപയാണ് നൽകുന്നത്.

(ബി) 2008-09 വർഷത്തിലാണ് ഇവരെ നിയമിച്ചത്.

(സി) നാഷണൽ ഹെൽത്ത് മിഷൻ 2017 വരെയുള്ള ഒരു ആരോഗ്യ ദൗത്യമാണ്. ആയതിനാൽ കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. മേൽ സാഹചര്യത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം തൽക്കാലം പരിഗണിക്കാനാവില്ല.

LIBRARY ARCHIVES Kerala Legislative Assembly